നമ്പർ 19/2013

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

വിശുദ്ധീകരണത്തിലൂടെയുള്ള സമൃദ്ധമായ രക്ഷയുടെയും ജീവന്റെയും അനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്ന വലിയ നോമ്പിന്റെ പവിത്രമായ ദിനങ്ങളിലേക്ക് പ. സഭ പ്രവേശിക്കുകയാണല്ലോ. ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി പാപത്തെ സമൂലം ഉപേക്ഷിച്ച് നാം നോമ്പ് ആചരിക്കണം. പ്രാർത്ഥനയും ഉപവാസവും പൈശാചിക ശക്തിയെ വിജയിക്കുന്നതിനുള്ള മാർഗ്ഗമായി നമ്മുടെ കർത്താവ് പഠിപ്പിച്ചു. വിശുദ്ധവും ശക്തവുമായ വ്രതാനുഷ്ഠാനങ്ങൾ ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിന് സഹായകമാകും. പ്രലോഭനങ്ങൾ മുൻകാലങ്ങളേക്കാൾ കൂടുതലായി നമ്മെ സ്വാധീനിക്കുന്ന ഇക്കാലത്ത് സ്വയം നിയന്ത്രണത്തിനുള്ള അവസരമായി നോമ്പിനെ കാണണം. ദൈവംതമ്പുരാൻ നൽകിയ സമ്പത്തും, സൗകര്യങ്ങളും ആഡംബരങ്ങൾക്കുള്ള അവസരമാക്കാതെ, പരിമിതികളെ സ്വയം സ്വീകരിച്ചുകൊണ്ട് ദാനധർമ്മങ്ങൾക്കും മറ്റ് സത്കർമ്മങ്ങൾക്കുമുള്ള പ്രചോദനം നോമ്പിൽ നിന്നും നാം ഉൾക്കൊള്ളണം.

ദൈവസന്നിധിയിൽ നിന്നും നമ്മെ അകറ്റിക്കളയുന്ന അനേക സാഹചര്യങ്ങൾ നമുക്കുചുറ്റിലുമുണ്ട്. കുടുംബത്തിലെ സമാധാനവും വ്യക്തിത്വത്തിന്റെ മാന്യതയും നഷ്ടപ്പെടുത്തുന്ന മദ്യപാനം മുതലായ ദുശ്ശീലങ്ങൾ പരിപൂർണ്ണമായി ഒഴിവാക്കി ക്രൈസ്തവ സാക്ഷ്യം കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ഈ വ്രതശുദ്ധിയുടെ നാളുകൾ നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് നമ്മെ നയിക്കട്ടെ. വിട്ടുവീഴ്ചയിലൂടെയും ക്ഷമയിലൂടെയും ബന്ധങ്ങൾ ഊട്ടുറ്റതാക്കണം. സമസൃഷ്ടികളോടുള്ള കരുതലിന്റെ ഭാഗമായി ഉപവാസമിച്ചം സാധുക്കൾക്ക് നൽകണം. ഈവർഷത്തെ വലിയനോമ്പാചരണം അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2013 ജനുവരി മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.